**ചരമോപചാരം**

## സി. പി. കുഞ്ഞുവിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ എം.എൽ.എ.-യും സി.പി.ഐ.(എം) നേതാവുമായിരുന്ന ഇടിയങ്ങര ചെറിയാലിങ്ങൽ പറമ്പിൽ സി.പി.കുഞ്ഞു 2023 ഫെബ്രുവരി 10 -ന് അന്തരിച്ചു.

കുഞ്ഞലവി ഹാജി - ഫാത്തിമ ദമ്പതികളുടെ മകനായി 1930 ജൂൺ 30-ന് സി.പി. കുഞ്ഞു ജനിച്ചു. കോഴിക്കോട് നഗരപ്രദേശത്തെ കമ്മ്യൂണിസ്റ്റ് ആശയ - ആദർശങ്ങളിലേയ്ക്ക് വഴി നടത്തിയവരിൽ പ്രമുഖനായ അദ്ദേഹം ഗണ്ണി സ്ട്രീറ്റിലെ കാലിചാക്ക് കച്ചവടക്കാരുടെ സംഘടന പ്രസിഡന്റായി. വ്യാപാരിയുടെ ശബ്ദമായ സി.പി.കുഞ്ഞു പിന്നീട് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി. ചാപ്പയിൽനിന്നും കോഴിക്കോട് കോർപ്പറേഷൻ കൗൺസിലറായി ആദ്യമായി തെരെഞ്ഞെടുപ്പിൽ ജയിച്ച അദ്ദേഹം പിന്നീട് കോട്ടപ്പറമ്പ് ഡിവിഷനിൽ നിന്നും വീണ്ടും തെരെഞ്ഞെടുക്കപ്പെട്ടു. സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി അംഗമായിരിക്കേ 1987-ൽ നിയമസഭാ തെരെഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ച അദ്ദേഹം 8-ാം കേരള നിയമസഭയിൽ അംഗമായി.

മത്സ്യത്തൊഴിലാളി യൂണിയൻ ജില്ലാ പ്രസിഡന്റ്, സംസ്ഥാന വഖഫ് ബോർഡ് അംഗം, കെ.എസ്.ഇ.ബി. കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച സി. പി. കുഞ്ഞു തെരഞ്ഞെടുപ്പ് വേദികളിലെ മികച്ച പ്രാസംഗികനായിരുന്നു. സംസ്ഥാന, ദേശീയ രാഷ്ട്രീയ സംഭവങ്ങളെക്കുറിച്ച് മർമ്മം കലർത്തി സംസാരിക്കാനുള്ള കഴിവ് അദ്ദേഹത്തെ ജനപ്രിയനാക്കി. ജീവിതത്തിലുടനീളം കർമ്മനിരതനായിരുന്ന, ആർക്കും എപ്പോഴും ആശ്രയിക്കാമായിരുന്ന ഒരു മികച്ച പൊതുപ്രവർത്തകനെയാണ് സി. പി. കുഞ്ഞുവിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി അൽപ്പ സമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹദ് വ്യക്തിയോടുള്ള ആദര സൂചകമായി ബഹുമാനപ്പെട്ട സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

(ചരമോപചാരത്തിനുശേഷം പ്രതിപക്ഷാംഗങ്ങൾ വീണ്ടും നടുത്തളത്തിലെത്തി സത്യാഗ്രഹം തുടർന്നു)